©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 നവംബർ 6<br>6th November 2018<br>1194 തുലാം 20<br>20th Thulam 1194<br>1940 കാർത്തികം 15<br>15th Karthika 1940 | നമ്പർ<br>No. 44 |

# PART III

# Dairy Development Department

### പത്തനംതിട്ട ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : സിൽവി മാത്യു)

(1)

നമ്പർ സി1-1601/2013. 2018 സെപ്റ്റംബർ 29.

വിഷയം:—ക്ഷീര വികസന വകുപ്പ്, പത്തനംതിട്ട—നീരാട്ടുകാവ് കക്കുടുമൺ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. റ്റി. 74 (ഡി)—ആപ്കോസ് സമാപ്തീകരിക്കുന്നതിനായി 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററായി റാന്നി ഡയറി ഫാം ഇൻസ്ട്രക്ടർ എ യൂണിറ്റിനെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:—1. റാന്നി ഡയറി ഫാം ഇൻസ്പെക്ടറുടെ 20-7-2016-ലെ 173/16-ാം നമ്പർ അന്വേഷണ റിപ്പോർട്ട്.

2. ഈ ഓഫീസിലെ 17-7-2018-ലെ ഇതേ നമ്പർ കത്ത്.

റാന്നി ബ്ലോക്ക് നീരാട്ടുകാവ് കക്കുടുമൺ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. റ്റി. 74 ഡി ആപ്കോസ് നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമായിട്ടുള്ളതും സാധനസാമഗ്രികളെല്ലാം തന്നെ നശിച്ചു പോയിട്ടുള്ളതും ടി സംഘം പുനരുജ്ജീവിപ്പിക്കുന്നതിനും പാൽ സംഭരണം പുനരാരംഭിക്കുന്നതിനും യാതൊരു സാദ്ധ്യതയുമില്ലെന്ന് ഒന്നാം പരാമർശ പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ജില്ലാ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ, തിരുവനന്തപുരം മേഖല സഹകരണ യൂണിയൻ എന്നിവയ്ക്ക് കത്തു നൽകുകയും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ലാത്തതുമാകുന്നു. ഈ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ 1969-ലെ കേരള സഹകരണ സംഘം നിയമം 71 (2) വകുപ്പ് അനുസരിച്ച് സ്വീകരിക്കാവുന്നതാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

#### ഉത്തരവ്

നീരാട്ടുകാവ് കക്കുടുമൺ ക്ഷീരോൽപാദക സഹകരണ സംഘം ലി. നമ്പർ പി. റ്റി. 74 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം 71 (2) വകുപ്പനുസരിച്ച് സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് 1969-ലെ കേരള സഹകരണ നിയമം 72 (1) വകുപ്പനുസരിച്ച് മനോജ്, ബി., റാന്നി ഡയറി ഫാം ഇൻസ്ട്രക്ടർ എ യൂണിറ്റിനെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്ററുടെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ പന്ത്രണ്ട് മാസമായിരിക്കുന്നതും നിശ്ചിത കാലാവധിക്കകം നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

(2)

നമ്പർ സി1-490/2016. 2018 ഒക്ടോബർ 1.

വിഷയം:—ക്ഷീര വികസന വകുപ്പ്, പത്തനംതിട്ട— പെരുന്തേനരുവി ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. റ്റി. 170 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിനായി 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററായി റാന്നി ക്ഷീരവികസന ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:—1. റാന്നി ക്ഷീരവികസന ഓഫീസറുടെ 20-7-2016-ാം തീയതിയിലെ സെക്ഷൻ 65 പ്രകാരമുള്ള 75/16-ാം നമ്പർ അന്വേഷണ റിപ്പോർട്ട്.

2. ഈ ഓഫീസിലെ 17-7-2018-ലെ ഇതേ നമ്പർ കത്ത്.

റാന്നി ക്ഷീര വികസന യൂണിറ്റിലെ പെരുന്തേനരുവി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. റ്റി. 170 (ഡി) ആപ്കോസ് നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമാണെന്നും, നിലവിൽ സംഘത്തിന്റെ രേഖകളൊന്നും ലഭ്യമല്ലായെന്നും, സംഘം പുനരുജ്ജീവിപ്പിക്കാൻ ശ്രമം നടത്തിയെങ്കിലും യാതൊരു സാദ്ധ്യതയുമില്ലെന്ന് ഒന്നാം പരാമർശ പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ജില്ലാ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ, തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ എന്നിവയ്ക്ക് കത്തു നൽകുകയും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ലാത്തതുമാകുന്നു. ഈ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ 1969-ലെ കേരള സഹകരണ സംഘം നിയമം 71 (2) വകുപ്പ് അനുസരിച്ച് സ്വീകരിക്കാവുന്നതാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

പെരുന്തേനരുവി ക്ഷീരോൽപാദക സഹകരണ സംഘം ലി. നമ്പർ പി. റ്റി. 170 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം 71 (2) വകുപ്പനുസരിച്ച് സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് 1969-ലെ കേരള സഹകരണ നിയമം 72 (1) വകുപ്പനുസരിച്ച് റാന്നി ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്ററുടെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ പന്ത്രണ്ട് മാസമായിരിക്കുന്നതും നിശ്ചിത കാലാവധിക്കകം നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

(3)

നമ്പർ സി2-1597/2014. 2018 ഒക്ടോബർ 3.

വിഷയം:—ക്ഷീര വികസന വകുപ്പ്, പത്തനംതിട്ട— കുടമുരുട്ടി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. റ്റി. 143 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിനായി 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററായി റാന്നി ഡയറി ഫാം ഇൻസ്ട്രക്ടർ എ യൂണിറ്റിനെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:—1. റാന്നി ഡയറി ഫാം ഇൻസ്പെക്ടറുടെ 20-7-16-ലെ സെക്ഷൻ 65 പ്രകാരമുള്ള 225/16-ാം നമ്പർ അന്വേഷണ റിപ്പോർട്ട്.

2. ഈ ഓഫീസിലെ 8-8-2018-ലെ ഇതേ നമ്പർ കത്ത്.

റാന്നി ബ്ലോക്കിലെ കുടമുരുട്ടി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. റ്റി. 143 (ഡി) ആപ്കോസ് നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമാണെന്നും, നിലവിൽ സംഘത്തിന്റെ രേഖകളൊന്നും ലഭ്യമല്ലായെന്നും സംഘം പുനരുജ്ജീവിപ്പിക്കാൻ ശ്രമം നടത്തിയെങ്കിലും യാതൊരു സാദ്ധ്യതയുമില്ലെന്ന് ഒന്നാം പരാമർശ പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ജില്ലാ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ, തിരുവനന്തപുരം മേഖല സഹകരണ യൂണിയൻ എന്നിവയ്ക്ക് കത്തു നൽകുകയും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ലാത്തതുമാകുന്നു. ഈ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ 1969-ലെ കേരള സഹകരണ സംഘം നിയമം 71 (2) വകുപ്പ് അനുസരിച്ച് സ്വീകരിക്കാവുന്നതാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

കുടമുരുട്ടി ക്ഷീരോൽപാദക സഹകരണ സംഘം ലിമിറ്റഡ് നമ്പർ പി. റ്റി. 143 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം 71 (2) വകുപ്പനുസരിച്ച് സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് 1969-ലെ കേരള സഹകരണ നിയമം 72 (1) വകുപ്പനുസരിച്ച് മനോജ്, ബി., റാന്നി ഡയറി ഫാം ഇൻസ്ട്രക്ടർ എ യൂണിറ്റിനെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്ററുടെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ പന്ത്രണ്ട് മാസമായിരിക്കുന്നതും, നിശ്ചിത കാലാവധിക്കകം നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
പത്തനംതിട്ട. ഡെപ്യൂട്ടി ഡയറക്ടർ.